**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3834** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി. ഇടനാഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് 3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും എൻ.എച്ച് – 66ന് സമാന്തരമായാണ് ഐ.ടി.ഇടനാഴികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി മുഖാന്തിരം 1000 കോടി രൂപ ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഐ.ടി പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള റിക്വിസിഷനിംഗ് അതോറിറ്റി (Requisitioning Authority) ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) സർക്കാർ നിയോഗിച്ചിട്ടുണ്ട്. നിലവിൽ എൻ.എച്ച് 66-ന് സമാന്തരമായി ലഭ്യമാവാൻ സാധ്യതയുള്ള 76 പാർസലുകളിലായി ഏകദേശം 5000 ഏക്കറോളം ഭൂമി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഏതൊക്കെ പാർസലുകൾ ഐ.ടി.പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണോയെന്ന് കണ്ടെത്തുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ-ലെയും ഐ.ടി. പാർക്കുകളുടെയും ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സംയുക്ത സമിതിയെ സർക്കാർ ചുമതലപ്പെടുത്തി. ഈ സമിതിയുടെ സ്ഥല പരിശോധന പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ